# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം- 1015 20-03-2012- ൽ മറുപടിയ്ക്ക്.

**<u>കോഴിക്കോട് സർവ്വകലാശാലയിൽ സമരം ചെയ്ത ജീവനക്കാരുടെ പേരിൽ അച്ചടക്ക നടപടി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ ഗുരുദാസൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>*(ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് സർവ്വകലാശാലയിൽ സമരം ചെയ്ത ജീവനക്കാരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്.<br>ഹാജർ പുസ്തകത്തിൽ ഒപ്പ വച്ചശേഷം ഡ്യൂട്ടിയിൽ നിന്ന് വിട്ടുനിന്ന ജീവനക്കാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ആരുടെയെല്ലാം പേരിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | 268 ജീവനക്കാരുടെ പ്രസ്തുത ദിവസത്തെ ശമ്പളം തടഞ്ഞുവയ്ക്കുകയും കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. 9-3-2012 ന് ചേർന്ന സിൻഡിക്കേറ്റ് തടഞ്ഞുവച്ച ശമ്പളം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | അച്ചടക്ക നടപടിക്കുള്ള കാരണം വിശദമാക്കാമോ ; സർവ്വകലാശാല കാമ്പസിൽ പ്രതിഷേധ പ്രകടനം നടത്താനുള്ള ജീവനക്കാരുടെ അവകാശം നിരോധിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവിറക്കിയിട്ടുണ്ടോ ; | (സി) | ഹാജർ പുസ്തകത്തിൽ ഒപ്പ വച്ചശേഷം ഡ്യൂട്ടിയിൽ നിന്ന് വിട്ടുനിന്നതിനാണ് കാരണം കാണിക്കൽ നോട്ടീസ് നൽകിയത്. സർകലാശാല കാമ്പസിൽ പ്രതിഷേധ പ്രകടനം നടത്തുന്നത് നിരോധിച്ച് കൊണ്ട് വൈസ് ചാൻസലർ ഉത്തരവിറക്കിയിട്ടില്ല. |
| (ഡി) | ജീവനക്കാരുടെ വാഹനങ്ങൾ കാമ്പസിൽ കയറുന്നത് നിരോധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; കാരണം വ്യക്തമാക്കാമോ ; | (ഡി) | ഇല്ല |
| (ഇ) | വനിതകൾ ഉൾപ്പെടെയുള്ള ജീവനക്കാരുടെ പേരിൽ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ : | (ഇ) | ഇല്ല.<br>4-2-2012 ന് സർവ്വകലാശാലയിൽ ഔദ്യോഗിക പരിപാടിയിൽ പങ്കെടുക്കാനെത്തിയ സംസ്ഥാന വിദ്യാഭ്യാസ മന്ത്രിയെ സ്വീകരിക്കാനായി പുറപ്പെട്ട വൈസ് ചാൻസലറെ തടഞ്ഞു വയ്ക്കുകയും ശാരീരികമായി കൈകാര്യം ചെയ്തതിന് 3 വനിതാ ജീവനക്കാരുൾപ്പെടെ 13 ജീവനക്കാർക്കെതിരെ സർവ്വകലാശാല പോലീസിൽ പരാതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | വൈസ് ചാൻസലറുടെ അമിതാധികാര പ്രയോഗം തടയുന്നതിന് നടപടി സ്വീകരിക്കുമോ ; | (എഫ്) | വൈസ് ചാൻസലർ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. |
| (ജി) | മേൽ പ്രസ്താവിച്ച നടപടികളുടെ ഭാഗമായി സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതം വന്നിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ? | (ജി) | സർവ്വകലാശാലയിൽ നിരന്തരമായി നടക്കുന്ന സംഭവങ്ങൾ സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. സർവ്വകലാശാലയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ പോലീസ് സംരക്ഷണം നൽകുവാൻ ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ